**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**
**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**No. 94/2025**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തുപട്ടക്കാർക്കും, പള്ളികൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,

നമ്മുടെ കർത്താവിന്റെ രക്ഷാകര പ്രവർത്തനങ്ങൾ അഭംഗമായി നിർവ്വഹിക്കുവാൻ സ്ഥാപിക്കപ്പെട്ട, ലോകത്തിന് വെളിച്ചം പകരുന്ന പ്രകാശ ഗോപുരമാണ് പരിശുദ്ധ സഭ. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ ജീവനുള്ള ശരീരം വിഭാഗിച്ച് നൽകുന്ന ബലിവേദി എന്ന നിലയിലും, നിത്യജീവനിലേക്ക് നമ്മെ നയിക്കുന്ന വി. കൂദാശകളുടെ സൂക്ഷിപ്പ് കലവറ എന്ന നിലയിലും, ദൈവരാജ്യത്തിന്റെ ഭൂമിയിലെ വാതിൽ എന്ന നിലയിലും വർദ്ധിതമായ ഭയഭക്തിയോടും സമർപ്പണത്തോടും വിശുദ്ധിയോടും കൂടി പരിശുദ്ധ സഭയിൽ ശുശ്രൂഷിക്കുവാൻ ഏവർക്കും സാധിക്കണം. പരിശുദ്ധ സഭയുടെ നിയോഗം എന്നത് സഭയുടെ ശോഭിത മണവാളനായ ഉത്ഥിതനായ യേശുക്രിസ്തുവിന്റെ രണ്ടാം വരവിനായി പ്രാർത്ഥനയോടെ കാത്തിരിക്കുക, ക്രിസ്തു ഭരമേൽപ്പിച്ച വി. കുർബ്ബാനയുൾപ്പടെയുള്ള വി. കൂദാശകളുടെ അനുഷ്ഠാനം നിർവിഘ്നം നിറവേറ്റുക, അനവരതമായ സ്തുതികളും കുറഞ്ഞുപോകാത്ത സ്തോത്രവും പരിശുദ്ധ ത്രിത്വ ദൈവത്തിന് കരേറ്റുക, സഭയുടെ അപ്പോസ്തോലിക പൈതൃകം കലർപ്പു കൂടാതെ സംരക്ഷിക്കുക, സങ്കടപ്പെടുന്നവരെയും ജീവിതഭാരങ്ങളാൽ വലയുന്നവരെയും രോഗികളെയും നിരാശ്രയരെയും ആശ്വസിപ്പിച്ച് പ്രത്യാശ പകർന്ന് മാതൃകയോടെ ജീവിക്കുവാൻ സഹായിക്കുക എന്നിങ്ങനെയുള്ളവയാണ്. എന്നാൽ മേൽപ്പറഞ്ഞ കാര്യങ്ങളുടെ പ്രാധാന്യം കുറച്ചുകാണുകയും ലോകപരമായ ചില താൽപര്യങ്ങൾ അതീവ പ്രാധാന്യത്തോടെ കടന്നുകൂടുകയും ചെയ്യുന്നത് ഏറെ ദു:ഖകരമാണ്. പ്രത്യേകിച്ച്, നമ്മുടെ ദേവാലയങ്ങളിലെ പെരുന്നാൾ ചടങ്ങുകളുമായി ബന്ധപ്പെട്ട് ഇപ്പോൾ അനുവർത്തിച്ചു വരുന്നതായ ചില പ്രവണതകൾ സത്യവിശ്വാസികളും സഭാ പാരമ്പര്യങ്ങളെ ബഹുമാനിക്കുന്നവരുമായ ഏവർക്കും ഒരേപോലെ ആശങ്ക ജനിപ്പിക്കുന്നതും അംഗീകരിക്കുവാൻ സാധ്യമാകാത്തതുമായ സംഗതികളാണ്. ഇവ പലരും നമ്മുടെ ശ്രദ്ധയിൽ പ്പെടുത്തിയതിനാലും, ഇത് സംബന്ധിച്ച് പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ ആലോചനയിൽ രൂപപ്പെട്ട പൊതു ധാരണയുടെ അടിസ്ഥാനത്തിലുമാണ് നാം ഇത് നിങ്ങൾക്കെഴുതുന്നത്.

നാം ശീലിക്കുകയും പാലിച്ചു വരികയും ചെയ്ത പരമ്പരാഗതമല്ലാത്ത വാദ്യമേളങ്ങൾ നമ്മുടെ പെരുന്നാളുകളുമായി ബന്ധപ്പെട്ട് നടത്തപ്പെടരുത്. പരിപാവനമായ ദേവാലയത്തെ വേദിയാക്കി നടത്തുന്ന ലൈറ്റ് ആൻഡ് സൗണ്ട് ഷോകൾ, രാത്രി ഏറെ വൈകിയും നടത്തപ്പെടുന്ന കലാ പരിപാടികൾ, ദീർഘദൂര പ്രദക്ഷിണങ്ങൾ, പ്രദക്ഷിണങ്ങളിലെ നസ്രാണി സ്വത്വ ബോധത്തെ ഇകഴ്ത്തുന്ന തരത്തിലുള്ള പ്രദർശനങ്ങൾ, പ്രച്ഛന്നവേഷ മത്സരങ്ങളെ വെല്ലുന്ന ചില പ്രദർശനങ്ങൾ എന്നിവ നമ്മുടെ ഇടവകകളിൽ ക്രമീകരിക്കരുത്. ചില പ്രദേശങ്ങളിൽ പ്രാദേശികമായ പൂർവ്വിക രീതികൾക്കനുസരിച്ച് പെരുന്നാളുകളുമായി ബന്ധപ്പെട്ട് ചെമ്പെടുപ്പ് പോലെയുള്ള ആചാരങ്ങൾ നടത്തപ്പെടുന്നുണ്ടെങ്കിലും പരമ്പരാഗതമായി ഇവ ഇല്ലാത്ത ദേവാലയങ്ങളിൽ പുതുതായി അവ ആരംഭിക്കുന്നത് അഭികാമ്യമല്ല. പരി. സഭയുടെ നിലനിൽക്കുന്ന പാരമ്പര്യങ്ങൾക്ക് വിരുദ്ധമാകുന്ന യാതൊരുവിധ പുതിയ രീതികളും ആരാധനയിലോ അനുഷ്ഠാനങ്ങളിലോ

(മറുപുറം)

ആരും രൂപപ്പെടുത്തരുത് എന്ന് നിങ്ങളുടെ സ്നേഹത്തോട് നാം അറിയിക്കുന്നു. വിശ്വാസ-ആചാര സംബന്ധമായി നമ്മുടെ പൂർവ്വികർ കൈമാറിത്തന്നിട്ടുള്ള പ്രകാശമുള്ള എല്ലാ പാരമ്പര്യങ്ങളും നമ്മുടെ തലമുറയിലും തെളിഞ്ഞ് നിൽക്കുവാനും, വരും തലമുറയും അതിൽ നിന്ന് തെളിയിക്കുവാനും ഇടവരണം.

വാത്സല്യ മക്കളെ പള്ളികളിലെ പാവനമായ കർമ്മാദികൾക്കും ക്രൈസ്തവ ധർമ്മാദികൾക്കും ചെലവു ചെയ്യേണ്ട പള്ളി വരുമാനങ്ങൾ ദൈവഹിതമല്ലാത്ത അന്യമാർഗ്ഗങ്ങളിൽ ധൂർത്തടിക്കുകയും അടുത്ത തലമുറയെ കൂടി ഇപ്രകാരം പഠിപ്പിക്കുകയും ചെയ്യുന്നത് വലിയ വീഴ്ചയായി നിങ്ങൾ കാണണം. സ്തുതി ചൊവ്വാക്കപ്പെട്ട ആരാധനയ്ക്കും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും ഏറെ പ്രാധാന്യം നൽകി നമ്മുടെ ഇടവകകൾ ക്രിസ്തുവിന്റെ ജീവനുള്ള സുവിശേഷ പാതയിൽ മാതൃകാപൂർവ്വം പ്രവർത്തിക്കുമ്പോൾ നമ്മുടെ ഇടവകകൾ ഭൂമിയിലെ സ്വർഗ്ഗരാജ്യമായിത്തീരുകതന്നെ ചെയ്യും. അതിനായി നമുക്ക് പ്രാർത്ഥനാപൂർവ്വം പ്രവർത്തിക്കാം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2025 ഏപ്രിൽ മാസം 25-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.